പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 139 — 04.12.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യെ സ്വയംപര്യാപ്തമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ. എ.കെ. ശശീന്ദ്രൻ |
| " റ്റി.വി.രാജേഷ് | (ഗതാഗത വകുപ്പ് മന്ത്രി) |
| " എം.മുകേഷ് | |
| " പി.വി.അൻവർ | |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കെ.എസ്.ആർ. ടി.സി.യെ നിലനിർത്തുന്നതിനും സ്വയം പര്യാപ്തമാക്കുന്നതിനും ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതികൾ വ്യക്തമാക്കുമോ; അതിനായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശദപഠനം നടത്തുന്നതിനായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കത്തയിലെ പ്രൊഫസറായ ശ്രീ.സുശീൽ ഖന്നയെ 24.09.2016-ലെ സ.ഉ.(സാധാ) നം. 367/2016/ഗതാഗതം പ്രകാരം കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്ന സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഇതു പ്രകാരം കെ.എസ്.ആർ.ടി.സിയ്ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുള്ള വായ്പാകടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഗുണഫലമെന്നോണം വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ, കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേക്കെത്തിക്കുന്നതിനു |

| | | | |
|---|---|---|---|
| | | | മായി ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവീസ് ഓപറേഷൻ മേഖലയിൽ നടത്തി കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി ഉണ്ടാക്കി വരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് സർക്കാർ ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ലഭ്യമാക്കുന്നതിനായി ആകെ ചിലവായ തുക 18,07,56,000/- രൂപയാണ് (പതിനെട്ട് കോടി എഴ് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം).<br>കെ.എസ്.ആർ.ടി.സി.ക്ക് 2018-19-ലെ ബഡ്ജറ്റിൽ വായ്പ ഇനത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 1000 കോടി രൂപയിൽ നിന്നും ജീവനക്കാരുടെ ശമ്പള ആവശ്യങ്ങൾക്കായും, ഓണത്തോടനുബന്ധിച്ച് ബോണസ് നൽകുന്നതിനും, നാഷണൽ പെൻഷൻ സ്കീമിലേയ്ക്കുള്ള വിഹിതത്തിന്റെ 02/2015 മുതൽ 03/2016 വരെയുള്ള കുടിശ്ശിക അടച്ചുതീർക്കുന്നതിനും, വിരമിച്ച ജീവനക്കാർക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്ത വകയിൽ തിരികെ നൽകുവാനുണ്ടായിരുന്ന തുകയും, കേരള ട്രാൻസ്പോർട്ട് ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പയുടെ പലിശ കൊടുത്തു തീർക്കുന്നതിനും മറ്റുമായി ആകെ 701.989272/- കോടി രൂപ ഇതിനകം കെ.എസ്.ആർ.ടി.സി.ക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ബി) | വാഹനങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിനും മാനവ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗത്തിനും നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ മാനവ വിഭവ ശേഷിയുടെ ഫലപ്രദമായ വിനിയോഗത്തിനായി പ്രൊഫ.സുശീൽ ഖന്നയുടെ കരട് പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും, ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും, എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലിസമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. മെക്കാനിക്കൽ ജീവന |

| | | | |
|---|---|---|---|
| | | | ക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, തദ്വാര മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിൽ ഉള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | സ്ഥാപനത്തെ നിലനിർത്തുന്നതിൽ തൊഴിലാളികളുടെ പങ്ക് പരമ പ്രധാനമായതിനാൽ അവരുടെ സഹകരണം ഉറപ്പാക്കുന്നതിന് വേണ്ട സമീപനം ഉണ്ടാകുമോ; | (സി) | സ്ഥാപനത്തെ നിലനിർത്തുന്നതിന് തൊഴിലാളികളുടെ പങ്ക് പരമപ്രധാനമായതിനാൽ അവരുടെ സഹകരണം ഉറപ്പാക്കുന്നതിലേയ്ക്കായി പുനരുദ്ധാരണ നടപടികളുടെ ഭാഗമായി കോർപ്പറേഷനിൽ മുൻഗണനാക്രമത്തിൽ നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചാ യോഗങ്ങൾ ചേരുകയുണ്ടായിട്ടുണ്ട്. |
| (ഡി) | കിഫ്ബി ഫണ്ടുപയോഗിച്ച് പുതിയ വാഹനങ്ങൾ വാങ്ങാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ഡി) | കിഫ്ബി മുഖേന 900 ഡീസൽ ബസ്സുകൾ വാങ്ങുവാൻ 324 കോടി രൂപ അനുവദിച്ച് 2017-ൽ ഉത്തരവായിരുന്നു. എന്നാൽ ഇതിനുള്ള നടപടിക്രമം ഉത്തരവിൽ, പ്രസ്തുത തുക ദിവസേന എസ്ക്രോ (escrow) മെക്കാനിസം വഴി പലിശ സഹിതം തിരിച്ചടക്കണമെന്ന നിബന്ധനയുണ്ടായിരുന്നു. നിലവിൽ കൺസോർഷ്യം ബാങ്കുകൾക്ക് 59 ഡിപ്പോയിലെ കളക്ഷൻ "ലോൺ തിരിച്ചടവ് |

| | | | |
|---|---|---|---|
| | | | ഇനത്തിൽ" എസ്ക്രോ (escrow) മെക്കാനിസം വഴി അടക്കുന്നത് കാരണം ബാക്കി ലഭിക്കുന്ന തുക ഡിസൽ വാങ്ങുവാൻ പോലും തികയാത്ത സാഹചര്യം ഉണ്ടെന്നും, കൂടാതെ കൺസോർഷ്യം ബാങ്കുകളുമായുള്ള ഉടമ്പടി പ്രകാരം ഇനിയൊരു പുതിയ വായ്പയ്ക്ക് സാദ്ധ്യതയില്ലാത്തതുകൊണ്ടും കിഫ്ബിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ കഴിയില്ലെന്നുള്ള വിവരം കെ.എസ്.ആർ.ടി.സി. കിഫ്ബിയോട് കത്ത് മുഖേന അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്ക്രോ (escrow) മെക്കാനിസം വഴിയുള്ള തിരിച്ചടവ് ഒഴിവാക്കിയും പലിശ ഒഴിവാക്കി യും 324 കോടി രൂപ 900 ഡീസൽ ബസ്സുകൾ വാങ്ങുവാൻ വേണ്ടി കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിക്കണമെന്ന് കിഫ്ബിയോട് കെ.എസ്.ആർ.ടി.സി. കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | സ്വകാര്യ ബസുകൾ വർദ്ധിച്ച തോതിൽ സേവനം നിർത്തുന്ന സാഹചര്യത്തിൽ ഷെഡ്യൂൾ പരിഷ്കരണവുമായി ബന്ധപ്പെട്ട് ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് കെ.എസ്.ആർ.ടി.സി.യുടെ ജനസേവന സ്ഥാപനമെന്ന നിലയിലുള്ള പ്രവർത്തനോദ്ദേശ്യത്തെ ഹനിക്കുന്ന രീതിയിൽ ആകാതിരിക്കാൻ ശ്രദ്ധിക്കുമോ? | (ഇ) | പരിഷ്കരണവുമായി ബന്ധപ്പെട്ട് ഷെഡ്യൂളുകൾ പൂർണ്ണമായി റദ്ദ് ചെയ്തിട്ടില്ല. വരുമാനം കുറവുള്ള സർവ്വീസുകൾ കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതാണ്. ഇപ്രകാരം സർവ്വീസുകൾ പുനഃക്രമീകരിക്കുമ്പോൾ യാത്രക്കാർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകാതിരിക്കുന്നതിന് യൂണിറ്റ് തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**